പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3939 — 19.03.2018 ൽ മറുപടിയ്ക്ക്

**മൂന്നാറിലെ കയ്യേറ്റ ഭൂമി ഒഴിപ്പിക്കുന്നതിന് നടപടി**

**ചോദ്യം**
ശ്രീ.പി.കെ.ബഷീർ

**മറുപടി**
ശ്രീ.ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | |
|---|---|---|
| (എ) | മൂന്നാറിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;പ്രസ്തുത വിഷയം ചർച്ച ചെയ്യുവാൻ മുഖ്യമന്ത്രി വിളിച്ച യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; | (എ) മൂന്നാറിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കെ.എൽ.സി. ആക്ട്, കെ.ഡി.എച്ച്. ആക്ട് 1971 (റിസംപ്ഷൻ ഓഫ് ലാന്റ്സ്) പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നതാണ്. മൂന്നാറിലെ അനധികൃത കയ്യേറ്റം സംബന്ധിച്ച തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. നിയമവിരുദ്ധമായി ഭൂമി കയ്യേറിയ വൻകിട കയ്യേറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുക എന്നത് ഗവൺമെന്റിന്റെ പ്രഖ്യാപിത നയമാണ്. എന്നാൽ കയ്യേറ്റവും കടിയേറ്റവും വ്യത്യസ്തമായി പരിശോധിക്കേണ്ടതും, ഒഴിപ്പിക്കുന്നതിന് വ്യത്യസ്ത നിലപാട് സ്വീകരിക്കേണ്ടതുമാണ്. കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ നടപടികൾ ശക്തമായി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇതു സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കേണ്ടതുണ്ട്. അയതിലേയ്ക്കായി മൂന്നാർ മേഖലയിലെ മുഴുവൻ സ്ഥലവും യുദ്ധകാലാടിസ്ഥാനത്തിൽ സർവ്വെ നടത്തി രേഖകൾ തയ്യാറാക്കേണ്ടതുണ്ട്. മൂന്നാറിൽ ആകെ ഭൂമി എത്ര, ആയതിൽ സർക്കാർ പുറമ്പോക്ക്, റിസർവ്വ് വനം, CHR ഭൂമി, പാട്ടഭൂമി എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതും, കയ്യേറ്റഭൂമി സംബന്ധിച്ച കണക്കുകൾ തയ്യാറാക്കേണ്ടതുമാണ്. കയ്യേറ്റമൊഴിപ്പിക്കൽ നടപടികൾക്കായി റവന്യൂ-പഞ്ചായത്ത്- പോലീസ് വിഭാഗത്തിന്റെ സഹകരണം ഉറപ്പാക്കേണ്ടതാണ്. കയ്യേറ്റമൊഴിപ്പിക്കുമ്പോൾ മുൻഗണന കൊടുക്കേണ്ടത് വൻകിട കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനായിരിക്കണം.<br>2. മൂന്നാർ മേഖലയിലെ വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള ഭൂമി അളന്നു തിരിച്ച് അതിരുകൾ നിർണ്ണയിച്ച് രേഖകൾ തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പ് / പൊതുമേഖല മേധാവിയെ ഏൽപ്പിക്കേണ്ടതും, പ്രസ്തുത ഉദ്യോഗസ്ഥർ സ്ഥലം മാറിപ്പോകുമ്പോൾ അടുത്തയാളിന് പ്രസ്തുത രേഖകൾ കൈമാറ്റം ചെയ്യേണ്ടതുമാണ്. |

| | | |
|---|---|---|
| | | 3. 1977 ന് ശേഷം സ്ഥലം കയ്യേറി കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തുന്നവരും, ടി വ്യക്തികൾക്ക് പ്രസ്തുത വില്ലേജിലോ, മറ്റ് ജില്ലകളിലോ സ്വന്തം പേരിലോ, കുടുംബാംഗങ്ങളുടെ പേരിലോ മറ്റ് ഭൂമി ഇല്ലാ എന്നു കണ്ടെത്തുകയാണെങ്കിലും, പ്രസ്തുത കയ്യേറ്റഭൂമി 10 സെന്റിൽ താഴെ മാത്രമേയുള്ളൂ എങ്കിലും പ്രസ്തുത വ്യക്തികളുടെ ഭൂമി പതിച്ചു കൊടുക്കുന്നതിനുള്ള നിയമപരമായ നടപടികൾ പ്രത്യേകം പരിശോധിച്ച് സ്വീകരിക്കേണ്ടതാണ്.<br>4. കയ്യേറി കൈവശം വച്ചിരിക്കുന്ന ഭൂമി 10 സെന്റിൽ കൂടുതലുണ്ടെങ്കിൽ ടി വ്യക്തികൾക്ക് മറ്റ് ഭൂമി ഉള്ളതായി കണ്ടെത്തുകയാണെങ്കിൽ പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുക്കേണ്ടതും, ഭൂരഹിതർക്ക് നൽകുന്ന കാര്യം പരിശോധിക്കേണ്ടതുമാണ്.<br>5. കയ്യേറ്റഭൂമി ഒഴിപ്പിക്കലിന് പട്ടിക തയ്യാറാക്കേണ്ടതും, ഒഴിപ്പിക്കൽ നടപടികൾക്ക് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ സേവനം തേടാവുന്നതുമാണ്. |
| (ബി) | പ്രസ്തുത തീരുമാനങ്ങൾ മൂന്നാറിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സഹായകമാണോ എന്ന് വ്യക്തമാക്കുമോ; ആയതിൻ പ്രകാരം എത്ര അനധികൃത കയ്യേറ്റങ്ങൾ തിരിച്ചു പിടിച്ചിട്ടുണ്ട്; തിരിച്ചു പിടിച്ച വസ്തുവിന്റെ വിശദാംശം ഉൾപ്പെടെ വ്യക്തമാക്കുമോ; | (ബി) സഹായകരമാണ്. പ്രസ്തുത തീരുമാനങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മൂന്നാറിൽ ചെറുകിട-വൻകിട വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർ കയ്യേറിയ സർക്കാർ ഭൂമിയുടെ പൂർണമായ വിശദാംശം വെളിപ്പെടുത്തുമോ; | (സി) മൂന്നാറിൽ ചെറുകിട, വൻകിട വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർ 56 കയ്യേറ്റങ്ങളിലായി 81 ഏക്കർ സർക്കാർ ഭൂമി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. |
| (ഡി) | ഇവ തിരിച്ചു പിടിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ഡി) ഇടുക്കി ജില്ലയിലെ സർക്കാർ ഭൂമിയിന്മേലുള്ള അനധികൃത കയ്യേറ്റങ്ങളും അനധികൃത നിർമ്മാണങ്ങളും ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ കെ.ഡി.എച്ച് വില്ലേജിൽ 1971-ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) നിയമ പ്രകാരവും, മറ്റു വില്ലേജുകളിൽ 1957-ലെ ഭൂസംരക്ഷണ നിയമം എന്നിവ പ്രകാരമുള്ള നടപടികളും (ഭൂസംരക്ഷണനിയമം ഭേദഗതി 2009) പ്രകാരമുള്ള ശിക്ഷാനടപടികളും സ്വീകരിച്ചുവരുന്നു. ഭൂമി കയ്യേറ്റം ഉണ്ടാകാതെ സംരക്ഷിക്കുന്നതിലേക്ക് ഭൂസംരക്ഷണ സേനകളുടെ പട്രോളിംഗ് എർപ്പെടുത്തിയിട്ടുള്ളതും ആണ്. പുതിയ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയവ ഒഴിപ്പിക്കുവാൻ വില്ലേജ് ആഫീസർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. സർക്കാർ ഭൂമിയിന്മേലുള്ള കയ്യേറ്റവും അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും യഥാസമയം കണ്ടെത്തി |

| | | |
|---|---|---|
| | | സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനാവശ്യമായ നിയമനടപടി സ്വീകരിക്കുന്നതിലേക്കായി പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച ഒരു സർക്കുലർ തയ്യാറാക്കി എല്ലാ ഉപകാര്യാലയങ്ങൾക്കും നൽകിയിട്ടുള്ളതും, ഓരോ താലൂക്കിന്റെ പരിധിയിലുള്ള സർക്കാർ ഭൂമി കയ്യേറ്റങ്ങളിൽ ഭൂസംരക്ഷണ നിയമം പ്രകാരം സ്വീകരിച്ച നടപടികളുടെ പരോഗതി അവലോകനം ചെയ്യുന്നതിലേക്കായി അവലോകന യോഗവും നടത്തി വരുന്നതാണ്. കൂടാതെ പൊതു അവധി ദിവസങ്ങളിൽ സർക്കാർ ഭൂമിയിലുള്ള അനധികൃത പ്രവേശനങ്ങൾ തടയുന്നതിനായി സബ്ഡിവിഷൻ അധികാരികളുടെ മേൽ നോട്ടത്തിൽ എല്ലാ താലൂക്കുകളിലും താലൂക്ക് തലത്തിൽ പ്രത്യേക സംഘം രൂപീകരിച്ച് ഭൂസംരക്ഷണ പ്രവർത്തനങ്ങൾ നിയന്ത്രിച്ചും, ഏകോപിപ്പിച്ചും വരുന്നതാണ്. |
| (ഇ) | കോടതി വ്യവഹാരത്തിൽ കുടുങ്ങി ഒഴിപ്പിക്കാൻ കഴിയാത്ത കയ്യേറ്റങ്ങൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ? | (ഡി) കോടതി വ്യവഹാരത്തിൽ കുടുങ്ങി ഒഴിപ്പിക്കാൻ കഴിയാത്ത 11 കയ്യേറ്റങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ